HLM-0031

The Heavenly Light Ministry

ദൈവത്താൽ അസാദ്ധ്യമായതൊന്നുമില്ലല്ലോ
യഹോവയ്ക്കു കഴിയാത്ത കാര്യമില്ലല്ലോ
യേശുവിൻെറ നാമത്താൽ സൗഖ്യമുണ്ടല്ലോ
യേശുവിൻെറ രക്തത്താൽ ജയമുണ്ടല്ലോ

വിശ്വസിച്ചാൽ ദൈവത്തിൻെറ മഹത്വംകാണാം
പ്രാർത്ഥിക്കുമ്പോൾ ദൈവത്തിൻെറ പ്രവൃത്തികാണാം
ആരാധിച്ചാൽ ദൈവത്തിൻെറ വിടുതൽകാണാം
ആശ്രയിച്ചാൽ ദൈവത്തിൻെറ കരുതൽകാണാം

അബ്രഹാം ദൈവത്തിൽ വിശ്വസിച്ചപ്പോൾ
ദൈവം അതു നീതിക്കായ് കണക്കിട്ടല്ലോ
അതിമഹത്തായ പ്രതിഫലം കൊടുത്തു
ബഹുജാതികൾക്കു പിതാവാക്കിതീർത്തല്ലോ

യിസഹാക്കിൻ പ്രാർത്ഥനയ്ക്കു മറുപടിയായ്
നൂറുമേനി നൽകി ദൈവം അനുഗ്രഹിച്ചു
വാഗ്ദത്തങ്ങൾ നിറവേറ്റി പരിപാലിച്ചു
തലമുറകൾ നൽകി അനുഗ്രഹിച്ചു

യാക്കോബും ദൈവത്തെ ആരാധിച്ചപ്പോൾ
യഹോവയ്ക്കു തക്ക മഹത്വം കൊടുത്തപ്പോൾ
യാബോക്ക് എന്ന കടവിൽ അനുഗ്രഹമായ്
യിസ്രയേൽ എന്ന ബഹുമാനം ലഭിച്ചു